**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2072** **01-09-2022 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തപ്പെട്ട തിരുവങ്ങൂർ സി.എച്ച്.സി. യിലും മേലടി സി.എച്ച്.സി. യിലും അപ്ഗ്രഡേഷന് മുമ്പുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണോ നിലവിൽ തുടരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **കൊയിലാണ്ടി മണ്ഡലത്തിൽ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തപ്പെട്ട തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലും മേലടി സാമൂഹികാരോഗ്യ കേന്ദ്രത്തിലും അപ്ഗ്രേഡേഷന് മുമ്പുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഇപ്പോഴും തുടരുന്നത്.** |
| (ബി) | അപ്ഗ്രഡേഷനു ശേഷം സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ജീവനക്കാരുടെ കാറ്റഗറി തിരിച്ച് വിശദമാക്കാമോ; | (ബി) | **കൊയിലാണ്ടി മണ്ഡലത്തിൽ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തപ്പെട്ട തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലും മേലടി സാമൂഹികാരോഗ്യ കേന്ദ്രത്തിലും അപ്ഗ്രേഡേഷന് മുമ്പുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഇപ്പോഴും തുടരുന്നത്.** |
| (സി) | പ്രസ്തുത ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിത്സ ആരംഭിക്കുമോ; വിശദമാക്കാമോ? | (സി) | സാമൂഹികാരോഗ്യകേന്ദ്രം മേലടിയിൽ നിലവിൽ എം.എൽ.എ ഫണ്ടുപയോഗിച്ച് 99 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കെട്ടിടം പൊളിച്ചിരിക്കുന്നതിനാൽ ഇപ്പോൾ സ്ഥാപനം പ്രവർത്തിക്കുന്നത് ആശുപത്രി ഐ.പി.കെട്ടിടത്തിലാണ്. പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഐ.പി ആരംഭിക്കുന്നതാണ്. തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലും അറ്റകുറ്റപ്പണികൾ നടന്നു വരുന്നതിനാൽ നിലവിൽ ഐ.പി പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ